## വേക്കൻസികൾ റിപ്പോർട്ട് ചെയ്യാൻ നടപടി

ചോദ്യം

ശ്രീ. ജി.എസ്. ജയലാൽ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി,
മുഖ്യമന്ത്രി

(എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവിടങ്ങളിലുണ്ടാകുന്ന വേക്കൻസികൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രശ്ന പരിഹാരത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷം ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാനും, ഈ പ്രതീക്ഷിത ഒഴിവുകളിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. -യെ അറിയിക്കാനും എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വേക്കൻസി യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കുമോ?

(സി) ഇല്ല

സെക്ഷൻ ഓഫീസർ